## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ക്യു.ഐ.പി ഡെപ്യൂട്ടേഷൻ എം.ടെക് (2021-22 അഡ്മിഷൻ) കോഴ്സ് പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലെ - ശ്രീ. അബ്ദുൾ അസീസ് ചുണ്ടന്നുമ്മൽ - പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: EC5/31092/21/ഡി.ടി.ഇ (I) തിരുവനന്തപുരം , തീയതി: 21.07.2023

---

വായന:- 1. 26-08-2021 ലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/532/21/DTE.

2. ക്യു.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം ഉപരിപഠനം നടത്തുന്ന മട്ടന്നൂർ, സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ തസ്തികയിലെ ശ്രീ. അബ്ദുൾ അസീസ് ചുണ്ടന്നുമ്മൽ -ന്റെ 10-05-2023 ലെ അപേക്ഷ.

**ഉത്തരവ്**

വായന (1) ലെ ഉത്തരവ് പ്രകാരം, മട്ടന്നൂർ, സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അബ്ദുൾ അസീസ് ചുണ്ടന്നുമ്മൽ ക്യു.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എം.ടെക് കോഴ്സ് (2021-22 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ഉദ്യോഗസ്ഥൻ പുനർനിയമനത്തിനായി വായന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ, ടി ജീവനക്കാരനെ ഇവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർനിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെന്റർ. | പുനർനിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ. അബ്ദുൾ അസീസ് ചുണ്ടന്നുമ്മൽ** (PEN:385786) ലക്ചറർ ഇൻ ഇലക്ട്രോണിക്സ് സർക്കാർ പോളിടെക്നിക് കോളേജ്, മട്ടന്നൂർ. **(QIP centre: എൻ ഐ ടി കോഴിക്കോട്)** | **റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക് കോളേജ്, പയ്യന്നൂർ, .** (തുറന്ന ഒഴിവിൽ) |

- ക്യു.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു രണ്ട് വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാരൻ ജോലിയിൽ പുന: പ്രവേശിക്കേണ്ടതാണ്.
- രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിക്കുകയും, എന്നാൽ കോഴ്സ് പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല എങ്കിൽ ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥൻ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.
- എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന പക്ഷം കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- നിയമനം നല്കിയ സ്ഥാപനത്തിലേക്ക് 2023 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ, ടി ജീവനക്കാരനെ പുനർനിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥനു പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപനമേധാവി, ടിയാന്റെ ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് / കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Draft #3 of File EC5/31092/21/DTE Approved by Senior Joint Director (PS) on 21-Jul-2023 10:32 AM - Page 1

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാരൻ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ.

**Approval Valid**

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 21.07.2023
Reason: Approved

Draft #3 of File EC5/31092/21/DTE Approved by Senior Joint Director (PS) on 21-Jul-2023 10:32 AM - Page 2

The document is digitally approved. Hence signature is not needed.